**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2033** **09-12-2022 - ൽ മറുപടിയ്ക്ക്**

**ഷീ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | തൊഴിൽ മേഖലയിൽ വ്യക്തിമുദ്ര പതിപ്പിക്കുന്ന വനിത എഞ്ചിനീയർമാരെ സൃഷ്ടിക്കാനുള്ള സ്കീം ഫോർ ഹെർ എംപവർമെന്റ് (ഷീ) പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ? | (എ) | സാങ്കേതിക മേഖലയിലെ സ്ത്രീകളുടെ വ്യക്തിത്വ വികസനത്തിനും പ്രവർത്തന മികവിനും ഊന്നൽ നൽകുന്ന പദ്ധതിയാണ് സ്കീം ഫോർ ഹെർ എംപവർമെന്റ് (ഷീ). സാങ്കേതിക വിദ്യാഭ്യാസം നേടുന്ന പെൺകുട്ടി പഠന മേഖലയിലും തുടർന്ന് തൊഴിൽ മേഖലയിലും വിജയം കൈവരിക്കുന്നതിനായി സാങ്കേതിക കഴിവുകൾ വികസിപ്പിക്കുന്നതിനു പ്രോത്സാഹിപ്പിക്കുക, നേതൃത്വപരമായ കർത്തവ്യങ്ങൾ ഏറ്റെടുക്കാൻ വനിതാ എഞ്ചിനീയർമാരെ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.<br><br>നിലവിൽ, കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ പരീക്ഷിച്ച് വിജയിച്ച സ്കീം ഫോർ ഹെർ എംപവർമെന്റ് (ഷീ) പദ്ധതി, 2022-23 വർഷം മുതൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിലെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ എന്നിവിടങ്ങളിൽ നടപ്പിൽ വരുത്തുന്നതിനായി സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ